(ബി) തൃശ്ശൂർ താലൂക്കിൽനിന്നും, രൂപ 2,80,313, മുകുന്ദപുരം താലൂക്കിൽനിന്നും രൂപ 1,82,264, അണ 9, പൈ 3.

തൃശ്ശൂർ താലൂക്കിലെ കഷ്ടകരിൽനിന്നും മൂന്നു നിവേദനങ്ങളും മുകുന്ദപുരം താലൂക്കിലെ കഷ്ടകരിൽനിന്നും നാലു നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്.

സംസ്കൃത പഠനത്തിനുള്ള ആനുകൂല്യങ്ങൾ.

*163. [49] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത പഠനത്തിന്റെ പ്രോത്സാഹനത്തിനു് പ്രത്യേക ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) സംസ്കൃത പഠനം പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി സംസ്കൃതസ്കൂളുകൾക്കു് ചില സ്കോളർഷിപ്പുകൾ സർക്കാരിൽനിന്നും കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. അതിനെത്തുടർന്നു് വേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

സപ്ലീസു സംയോജനംസംബന്ധിച്ച അപ്പീലുകൾ.

*164. [50] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സപ്ലീസു സംയോജനം സംബന്ധിച്ചു് ഇപ്പോൾ എത്ര അപ്പീലുകൾ ബാക്കിയുണ്ടു് ;

(ബി) മുൻഗവണ്മെന്റിന്റെ സംയോജനതത്വമാണോ ഈ ഗവണ്മെന്റും അനുകരിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 889.

(ബി) അതെ.

റബ്ബർ കൃഷി.

*165. [54] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്രയേക്കർ റബ്ബർകൃഷി ചെയ്തിട്ടുണ്ടു്;

(ബി) റബ്ബർ കൃഷിക്കാർക്കു് നല്ലയിനം വിത്തുകളും തൈകളും വിതരണം നടത്തുവാൻ ഗവണ്മെന്റു് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly